ആമുഖം

## വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും

ധാരണകളും നൈപുണികളും അന്താരാഷ്ട്ര നിലവാരത്തിലേക്ക്. ഉയർത്തുന്നതിനുവേണ്ടി സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണിത് കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് രൂപകൽപ്പന ചെയ്യുന്നത്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി പുറത്ത് വരുന്ന കുട്ടികളുടെ ആശയ ധാരണകളിലും ശേഷികളിലുമുള്ള വികാസം, കുട്ടികളുടെ മൂല്യങ്ങളിലും, മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം വിവിധഭാഷകൾ അനായാസം ആശയവിനിമയത്തിനുപയോഗിക്കുവാൻ കഴിയുന്ന വിധം കുട്ടികളിലുണ്ടാകുന്ന ആത്മവിശ്വാസം, തങ്ങളുടെ അഭിരുചിക്കനുസരിച്ച് ഏറ്റവും മികവാർന്ന രീതിയിൽ സ്വതസിദ്ധമായ കഴിവുകളുടെ പ്രകടനം, എന്നിവ മനസ്സിൽ കണ്ട് ഇത്തരം മാറ്റങ്ങൾ ഉണ്ടാവാൻ ആവശ്യമായ മറ്റുള്ള പശ്ചാത്തല സൗകര്യങ്ങളും, പ്രായോഗികമായി ഒരുക്കുന്നതിനും. പുതിയ വെല്ലുവിളി ഏറ്റെടുക്കാൻ സ്വയം സന്നദ്ധമായിക്കൊണ്ട് അധ്യാപക ശാക്തീകരണത്തിനുള്ള സൗകര്യമൊരുക്കുന്നതിനുവേണ്ടി സാധ്യമാകുന്ന വിധത്തിലുള്ള, ഒരു സർഗ്ഗാത്മക പ്രവർത്തനമാണ് നാം നടത്തേണ്ടത്. ഇത് സാധ്യമാകും വിധം കാഴ്ചപ്പാടും ചിന്തയും പ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി പ്രവർത്തിക്കാൻ എല്ലാവരും സന്നദ്ധരാവുകയാണ് വേണ്ടത്. വരും തലമുറയ്ക്ക് വേണ്ടിയുള്ള കരുതലാണിത്

പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സിലെയും കുട്ടികൾ ഓർത്തിരിക്കേണ്ട ശേഷികളും ധാരണകളും ഓരോ കുട്ടിയുടെയും പരമാവധി കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.

- കലാ കായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക - മാനസിക - സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങളും പഠനോപകരണങ്ങളും വിദ്യാലയത്തിൽ ഉറപ്പാക്കും.

- ക്ലാസ്സ് മുറികളിൽ ICT അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖപഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ തുടങ്ങിയവ ആധുനിക വൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കാം.

- ലഘുപഠനയാത്രകൾ, പ്രൊജക്ടുകൾ, തുടങ്ങിയവയും ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനപദ്ധതികൾ പ്രയോജനപ്പെടുത്തും.

- കൃഷിയോടുള്ള താൽപര്യം പുതിയ തലമുറയിൽ വളർത്തിയെടുക്കാം. മാലിന്യ നിർമാർജനം ഒരു പദ്ധതിയായി നടപ്പിലാക്കും. മദ്യപാനം മയക്കുമരുന്ന് എന്നിവ തടച്ചു നിക്കുന്നതിന് പ്രവർത്തനങ്ങൾ നടപ്പാക്കും.

- കുട്ടികൾക്ക് ഗൈഡൻസ് കൗൺസിലിങ് സൗകര്യങ്ങൾ ഒരുക്കാം. സ്കൂൾ തലത്തിലുള്ള വിവിധ സഹായസംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് പ്രയോജനപ്പെടുത്തും.

- പ്രദേശത്തെ എല്ലാ വിദ്യാർത്ഥികളെയും ആകർഷിക്കുന്ന വിധത്തിൽ പാഠ്യപ്രവർത്തനങ്ങളെയും പാഠ്യേതര പ്രവർത്തനങ്ങളെയും മാറ്റിയെടുക്കാം.

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ് കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |



## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1 എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ് പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3 മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം (ജൂലൈ- ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ ,അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 5) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 6) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 7) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ ^പേരുകൾ^ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

## ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ<br>ജനുവരി |

## മേഖല - ഹൈസ്കൂൾ - ആർട്ട്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | ഉൽപങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) രൂപങ്ങളും ശില്പങ്ങളും ത്രിമാന വസ്തുക്കൾ ആണെന്ന ധാരണ<br>2)വിവിധ കാലഘട്ടങ്ങളിലെ ശിൽപങ്ങൾ/ശില്പികൾ എന്നിവയെ കുറിച്ചുള്ള ധാരണ<br>3)ശില്പങ്ങളെ തൊട്ടറിയാനും മനസ്സിലാക്കാനും കഴിയും എന്ന ധാരണ | AUGUST<br>കളിമൺ ശില്പ നിർമാണം | കളിമൺ<br>ടൂൾസ്<br>ശില്പരൂപങ്ങൾ | ശില്പങ്ങൾ<br>പാത്രങ്ങൾ<br>അഭിമുഖം | PTA |

## മേഖല – ഹൈസ്കൂൾ – ആർട്ട്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമഗ്രികൾ | ഉൽപനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4)കലാസൃഷ്ടങ്ങൾക്ക് കുട്ടികളുടെ മികച്ച സംഭാവനകൾ | | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ബയോളജി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|
| അന്യമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കാൻ പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | ശാസ്ത്രീയനാമം പ്രാദേശികനാമം വർഗീകരണം മുതലായവ രേഖപെടുത്തൽ വഴി പ്രകൃതിതന്നെ പാഠപുസ്തകമാവുന്നു | ജൂൺ - ഒക്ടോബർ |
| മാലിന്യമുക്ത ആരോഗ്യശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | പരിസരശുചീകരണം ശുചിത്വ ബോധവത്കരണം കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ് ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് | യഥാസമയങ്ങളിൽ |
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രഭിരുചി വളർത്താനും | ലാബിൽ ഒരു അനാട്ടമി പാർക്ക് മനുഷ്യ അവയവ വ്യവസ്ഥകൾ മോഡൽ നിർമാണം | ഓഗസ്റ്റ് - മാർച്ച് |

| അക്കാദമിക് മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | നിർവഹണം | സാമ്പത്തികം |
| വായനയിൽ താല്പര്യമുണ്ടാക്കുക | കഥകൾ, കവിതകൾ, ചിത്രകഥ കൾ, എന്നിവ ശേഖരിക്കുന്നു.<br><br>വായന കോർണർ സ്ഥാപിക്കുന്നു. | ജൂൺ - ജൂലൈ | ര ക്ഷാ ക ർ ത്ത സമിതി | 1500 |
| ഇംഗ്ലീഷ് പത്രം മാഗസിനുകൾ വായിക്കാൻ നൽകുന്നു | ഇംഗ്ലീഷ് പത്രവാർത്ത എഴുതി അവതരിപ്പിക്കൽ | ഓഗസ്റ്റ് - സെപ്റ്റംബർ | അധ്യാപകൻ | 1000 |
| ഇംഗ്ലീഷ് പോസ്റ്റർ തയ്യാറാക്കൽ | വിവിധ പോസ്റ്ററുകളുടെ മോഡൽ നൽകുന്നു | ഒക്ടോബർ - നവംബർ | അധ്യാപകൻ | |
| സ്പോക്കൺ ഇംഗ്ലീഷ് | ചെറിയ ചെറിയ സംഭാഷണങ്ങൾ കേൾപ്പിക്കുക പറയാൻ പ്രോത്സാഹിപ്പിക്കുക | ജനുവരി - ഫെബ്രുവരി | വിദ്യാലയ വികസന സമിതി | |

# PVSHSS ERANHIKKAL - SANSKRIT

| മേഖല | പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| കേൾവി വായന | ലേഖനം സംഭാഷണം | അക്ഷരപരിചായനം,സംഭാഷണപരിചയം, ഭിത്തിപത്രിക നിർമ്മാണം,പരിസ്ഥിതിദിനം, സംസ്കൃതസമിതി രൂപീകരണം | ജൂൺ 2- 15<br>ജൂൺ 20 | അധ്യാപകൻ, സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| സംഘാടനം | പരിശീലനം | അക്ഷരശ്ലോകസമിതി ഉദ്ഘാടനം<br>അക്ഷരശ്ലോകപഠനം,സംസ്കൃതോത്സവ ഇന പരിചായനം. | ജൂലൈ<br>ജൂലൈ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| പ്രദർശനം | ലേഖനം സംഭാഷണം | ആദികാവ്യാമൃതം, പ്രശ്നോത്തരം, സംസ്കൃതദിനാചരണം,രചനാശിൽപ്പശാല | ആഗസ്റ്റ് 9 | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| നിർമ്മാണം അവതരണം | കലാ പഠനം | നാടകശില്പശാല, ഡിജിറ്റൽ മാഗസിൻ പ്രവർത്തനം | സെപ്റ്റംബർ | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |
| | | സംസ്കൃത കലോത്സവ മത്സരങ്ങൾ സേവന പ്രവർത്തനം പ്രഭാഷണ മത്സരം | ഒക്ടോബർ | സംസ്കൃത സമിതി<br>സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി | |
| പരിശീലനം | | ധിഷണാ പരീക്ഷ (സ്കോളർഷിപ്പ് )പരിശീലനം ക്ലാസ് തലം സ്കൂൾ തലം | നവംബർ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| | സംഭാഷണ ശിബിരം | സംസ്കൃത സംഗമ :<br>(ശില്പശാല) | ഡിസംബർ 6 | സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി,അധ്യാപകൻ | |
| വിനോദം | | സംസ്കൃത പഠനയാത്ര | ജനുവരി 1-7 | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |
| | | വാർഷിക പരീക്ഷ മോഡൽ പരീക്ഷ പുനസ്മരണം റിവിഷൻ | ഫെബ്രുവരി | അധ്യാപകൻ | | |
| | | വാർഷിക പരീക്ഷ | മാർച്ച് | അധ്യാപകൻ | | |

# മേഖല –ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ സ്കൂൾ പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകപ്രാധാന്യമുള്ള ദിവസങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | മാനേജ്മെൻറ് പിടിഎ |
| 2.ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയംപഠിക്കുവാൻ എന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾകാഴ്ച വെക്കുന്നു. അറ്റ്ലസ്സ് മാപ്പ് ഗ്ലോബ് എന്നിവ പരിചിതമാകുന്നു | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | മാനേജ്മെൻറ് പിടിഎ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

പ്രവർത്തനം 1

പദ്ധതിയുടെ പേര് :ദേഖോ ഏക് സവാൽ

| | |
|---|---|
| **ലക്ഷ്യം/ ഉദ്ദേശ്യം** | ഉർദു ഭാഷാ പരിപോഷണവും ഉർദുവിലൂടെ പൊതുവിജ്ഞാനം വർധിപ്പിക്കലും |
| **പ്രക്രിയ** | ആഴ്ച്ചയിൽ ഒരു ദിവസം ഉർദു ഭാഷയും സാഹിത്യവും, പൊതുവിജ്ഞാനവും ഉൾപ്പെട്ട 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു.<br>പ്രസ്തുത ചോദ്യങ്ങൾ അടിസ്ഥാനപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.<br>മുഴുവൻ സ്കോർ നേടുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു.<br>കുട്ടികളുടെ ഫോട്ടോ സഹിതമുള്ള പോസ്റ്റർ തയ്യാറാക്കി പ്രചാരണവും നൽകുന്നു.<br>ഈ പ്രവർത്തനം എല്ലാ ആഴ്ചയിലും നടത്തുന്നു.<br>നൽകിയ ചോദ്യങ്ങൾ ഉൾപ്പെടുത്തി വർഷത്തിന്റെ ഓരോ പാദത്തിലും പ്രത്യേകം മത്സരം സംഘടിപ്പിക്കുന്നു.<br>വർഷാവസാനത്തിൽ PTA, MPTA .. തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് മെഗാഫിനാലെ നടത്തുന്നു.<br>കുട്ടികൾക്ക് മികച്ച രീതിയിലുള്ള സമ്മാനങ്ങൾ നൽകുന്നു. |
| **കാലയളവ്** | ജൂൺ മുതൽ മാർച്ച് വരെ |
| **സാമ്പത്തികം** | ഉർദു അദ്ധ്യാപകൻ/PTA ഫണ്ട് |
| **ഡോക്യുമെന്റേഷൻ** | പദ്ധതിയുടെ ഉദ്ഘാടനം മുതൽ ഗ്രാൻഡ്ഫിനാലെ വരെയുള്ള പരിപാടികളുമായി ബന്ധപ്പെട്ട<br>ഫോട്ടോ,വീഡിയോ,റിപ്പോർട്ട് ,വാർത്താകുറിപ്പുകൾ ... |
| **പ്രചാരണം** | ഉർദു ബ്ലോഗ്,സോഷ്യൽ മീഡിയ,പത്ര മാധ്യമങ്ങൾ .. |
| **മോണിറ്ററിംഗ്/ വിലയിരുത്തൽ** | SRG,HM,വിഷയ സമിതി ... |

# ACADEMIC MASTER PLAN
# WORK INTEGRATED EDUCATION

| AIM | OBJECTIVE | TIME |
|---|---|---|
| ❖ FOOD FEST<br>➢ To encourage and celebrate the culinary creativity.<br>➢ To develop Entrepreneurial skills.<br>➢ Generate funds to support a social cause or charitable activity or school event. | ➢ To encourage healthy and sustainable eating habits.<br>➢ To foster team work and organizational skills.<br>➢ To provide a platform for showcasing culinary talent.<br>➢ Use the event as a platform for fundraising or charity support. | August – September |
| ❖ FASHION SHOW<br>➢ To showcase creativity and design talent.<br>➢ Encourage innovation.<br>➢ Educate and inspire the audience. | ➢ To provide a platform for designers and creatives.<br>➢ To support emerging talent.<br>➢ Use fashion as a medium to express messages about sustainability.<br>➢ To support academic learning. | September - October |